ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) 77ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ രാജ്യം. സൈനിക ശക്തിയും സാംസ്കാരിക വൈവിധ്യവും വിളിച്ചോതിയ റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ച് രാഷ്ട്രപതി ദ്രൗപദി മുർമ്മു; ശുഭാൻശു ശുക്ലക്ക് അശോകചക്രം സമ്മാനിച്ചു.

**India Celebrates 77th Republic Day; President Draupadi Murmu Receives Salute at the Parade Highlighting Military Strength and Cultural Diversity; Subhanshu Shukla Honoured with Ashoka Chakra.**

2) രാജ്യത്തിന്റെ സൈനിക കരുത്ത് ലോകത്തിന് മുന്നിൽ പ്രദർശിപ്പിച്ച പരേഡിന് സാക്ഷിയായി കർത്തവ്യപഥിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത്ഷായും രാജ്യരക്ഷമന്ത്രി രാജ്നാഥ് സിംഗും; അത്യാധുനിക ആയുധ സംവിധാനങ്ങളും ആകാശ് വ്യോമ പ്രതിരോധ മിസൈൽ സംവിധാനവും പ്രദർശിപ്പിച്ചു.

**Prime Minister Narendra Modi, Home Minister Amit Shah and Defence Minister Rajnath Singh witnessed the parade that showcased the country's military might to the world; State-of-the-art weapon systems and the Akash air defence missile system were displayed.**

3) യൂറോപ്യൻ യൂണിയൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൻ ഡെയർ ലെയൻ, യൂറോപ്യൻ കൗൺസിൽ

പ്രസിഡൻറ് അൻറോണിയോ കോസ്റ്റ എന്നിവർ മുഖ്യ അതിഥികളായി പങ്കെടുത്തു; ഇരുനേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന ചർച്ചകളോടെ ഇന്ത്യ–യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിൽ പുതിയ അധ്യായത്തിന് തുടക്കമാകുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

**European Union Commission President Ursula von der Leyen and European Council President Antonio Costa attended as chief guests; External Affairs Minister S Jaishankar said that a new chapter in India-EU relations will begin with Prime Minister Narendra Modi's talks with the two leaders.**

4) കേരളത്തിലും അത്യുത്സാഹപൂർവ്വം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു; ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ വികസിത കേരളത്തിന് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്തെ ആഘോഷപരിപാടികളിൽ പങ്കെടുത്തു.

**Kerala Joins Nationwide Republic Day Celebrations; Governor Rajendra Vishwanath Arlekar Highlights State's Role in Building a Developed India; Chief Minister Pinarayi Vijayan attended the Republic Day Celebrations in Thiruvananthapuram..**

5) വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് -റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിനെ നേരിടും.

**Mumbai Indians Take on Royal Challengers Bangalore in Women's Premier League Clash Today**

☸☸☸☸☸☸☸☸☸☸☸☸

# REPUBLIC DAY DELHI

77ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ രാജ്യം. രാജ്യത്തിന്റെ സൈനിക ശക്തിയും സാംസ്കാരിക വൈവിദ്ധ്യവും വിളിച്ചോതുന്ന റിപ്പബ്ലിക് ദിന പരേഡ് കർത്തവ്യപഥിൽ നടന്നു. ദിനാഘോഷത്തിന്റെ ഭാഗമായി ദേശീയ

യുദ്ധ സ്മാരകത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ധീര സൈനികർക്ക് ആദരമർപ്പിച്ചു. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങും സേനാ മേധാവികളും പ്രധാനമന്ത്രിക്കൊപ്പം പങ്കെടുത്തു. രാഷ്ട്രപതി ദ്രൗപതി മുർമു കർത്തവ്യപഥിൽ ദേശീയ പതാക നിവർത്തി. തുടർന്ന് നടന്ന പ്രൗഢ ഗംഭീരമായ പരേഡിൽ രാഷ്ട്രപതി അഭിവാദ്യം സ്വീകരിച്ചു. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ പരേഡിന് സാക്ഷിയായി. അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിച്ച ആദ്യ ഇന്ത്യക്കാരനെന്ന ചരിത്രനേട്ടം കുറിച്ച ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലക്ക് അശോകചക്ര പുരസ്ക്കാരം രാഷ്ട്രപതി സമ്മാനിച്ചു.

## VP-REPUBLIC DAY

77-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എല്ലാ ഇന്ത്യൻ പൗരന്മാർക്കും ആശംസകൾ നേർന്നു. നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ കാലാതീതമായ ആദർശങ്ങളിൽ അടിയുറച്ച ഊർജ്ജസ്വല റിപ്പബ്ലിക്കായി ഇന്ത്യയെ ആഘോഷിക്കുന്ന ദിനമാണിതെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി അചഞ്ചലമായ പ്രതിബദ്ധതയോടെ പ്രവർത്തിക്കാനും, ദേശീയ ഐക്യം ഊട്ടിയുറപ്പിക്കാനും ദിനാഘോഷം ഓരോ പൗരനും പ്രചോദനമാകട്ടെയെന്നും ഉപരാഷ്ട്രപതി ആശംസിച്ചു.

## INDIA-EU FTA (INTRO)

യൂറോപ്യൻ യൂണിയൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൻ ഡെയർ ലെയൻ, യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റ എന്നിവർ റിപ്പബ്ളിക് ദിനത്തിൽ മുഖ്യ അതിഥികളായി പങ്കെടുത്തു. നാളെ ഇരുവരും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച്ച നടത്തും.

ഒരു റിപ്പോർട്ട്...

(വോയ്സ്)

ഇന്ത്യ-ഇയൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകളിലെ പുരോഗതി ലോകം ഉറ്റു നോക്കുകയാണ്. ലോകത്തെ ഏറ്റവും വലിയ വ്യാപാര കരാറാകും ഇന്ത്യയുമായി ഒപ്പു

വയ്ക്കുക എന്ന് യൂറോപ്യൻ യൂണിയൻ നേരത്തെ വ്യക്തമാക്കിയിരുന്നു. എല്ലാ കരാറുകളുടെയും മാതാവ് എന്നാണ് ഉർസുല വോൻ ഡെയർ ഇന്ത്യയുമായുള്ള കരാറിനെ വിശേഷിപ്പിച്ചത്. ഇരുന്നൂറ് കോടി ജനങ്ങളാകും കരാറിലൂടെ ഒന്നിച്ച് വരികയെന്ന് ഉർസുല ചൂണ്ടിക്കാട്ടി. ആഗോള വിതരണ ശൃംഖലയെ പുനർനിർമ്മിക്കാനും വ്യാപാര ബന്ധ ങ്ങളിലെ അപകടസാധ്യതകൾ കുറയ്ക്കാനും ശേഷിയുള്ളതാണ് ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലുള്ള ഈ ചരിത്രപരമായ ഉടമ്പടി. കയറ്റുമതി വർധിപ്പിക്കാനും ഉൽപ്പാദന ശൃംഖലയിൽ മുൻനിരയിലെ ത്താനും ഇന്ത്യയ്ക്ക് ഈ കരാർ സഹായകമാകും. ഇന്ത്യയിൽ നിന്നുള്ള തുണിത്തരങ്ങൾക്കും സമുദ്രോല്പന്നങ്ങൾക്കും യൂറോപ്യൻ മാർക്കറ്റിൽ ഇളവ് കിട്ടും. ക്ഷീര രംഗത്ത് ഇന്ത്യയിലെ നിയന്ത്രണങ്ങൾ എടുത്തു കളയില്ല.

ന്യൂസ് ഡസ്ക് ആകാശവാണി...

## JAISANKAR-URSULA VON

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ ന്യൂഡൽഹിയിൽ യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ ലൂയിസ് സാന്റോസ് ഡാ കോസ്റ്റയെയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോണ്ടർ-ലെയ്നെയും സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ഈ രണ്ട് യൂറോപ്യൻ നേതാക്കൾ നടത്തുന്ന ചർച്ചകളോടെ ഇന്ത്യ–യൂറോപ്യൻ യൂണിയൻ ബന്ധങ്ങളിൽ ഒരു പുതിയ അധ്യായത്തിന് തുടക്കമാകുമെന്ന് ശ്രീ ജയ്ശങ്കർ സാമൂഹ്യമാധ്യമത്തിലൂടെ അറിയിച്ചു. കൂടിക്കാഴ്ചയിൽ, ബന്ധങ്ങൾ കൂടുതൽ ശക്തമാക്കാനും സഹകരണ അജണ്ട മുന്നോട്ട് കൊണ്ടുപോകാനും ധാരണയിലെത്തിയതായും അദ്ദേഹം പറഞ്ഞു.

## REPUBLIC DAY -ABROAD

ഇന്ത്യയ്ക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് അമേരിക്ക. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ അടിത്തറയായ ഇന്ത്യൻ ഭരണഘടനയുടെ മഹിമ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ എടുത്തു പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തതാൻ യുഎസ് ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. സിംഗപ്പൂരിൽ ഇന്ന് നടന്ന 77-ാമത് റിപ്പബ്ലിക്

ദിനാഘോഷത്തിൽ ഇന്ത്യൻ ഹൈക്കമ്മീഷണർ ഡോ. ശിൽപക് അംബുലെ 1,200-ലധികം വരുന്ന ഇന്ത്യൻ പ്രവാസി സമൂഹത്തോടൊപ്പം പങ്കെടുത്തു. ശ്രീലങ്കയിൽ, കൊളംബോയിലെ ഇന്ത്യാ ഹൗസിൽ ഹൈക്കമ്മീഷണർ സന്തോഷ് ഝാ ദേശീയ പതാക ഉയർത്തി. കലാ പരിപാടികളും സംഘടിപ്പിച്ചിരുന്നു.

☸☸☸☸☸☸☸☸☸☸☸☸

## DHAKA- RD CELEBRATION

ബംഗ്ലാദേശിലെ ധാക്കയിൽ ഇന്ത്യൻ ഹൈക്കമ്മീഷനിൽ ഇന്ന് നടന്ന ഇന്ത്യയുടെ 77-ാമത് റിപ്പബ്ലിക് ദിനാഘോഷം ആവേശത്തോടെയും ദേശസ്നേഹത്തോടെയും കൊണ്ടാടി. ചാൻസറി കെട്ടിടത്തിൽ നടന്ന ആഘോഷങ്ങളിൽ ഇന്ത്യൻ സമൂഹത്തിലെ വലിയൊരു വിഭാഗം അംഗങ്ങൾ പങ്കെടുത്തു. ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ പ്രണയ് വർമ്മ ദേശീയ പതാക നിവർത്തി. റിപ്പബ്ലിക് ദിനത്തിന്റെ തലേന്ന് രാഷ്ട്രപതി രാജ്യത്തെ അഭിസംബോധന ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങൾ അദ്ദേഹം വായിച്ചു. തുടർന്ന് അദ്ദേഹം ഇന്ത്യൻ സമൂഹത്തെ സ്വാഗതം ചെയ്യുകയും അവരെ അഭിവാദ്യം ചെയ്യുകയും ചെയ്തു. ധാക്കയിലെ ഇന്ത്യൻ സമൂഹത്തിലെ അംഗങ്ങൾ അവതരിപ്പിച്ച ദേശഭക്തി ഗാനങ്ങൾ ചടങ്ങിന് മോടി കൂട്ടി.

☸☸☸☸☸☸☸☸☸☸☸☸

## RAJNATH-ARTICLE

ഇന്ത്യ ലോകത്തെ ആദ്യത്തെ 'ജനങ്ങളുടെ റിപ്പബ്ലിക്കാ'ണെന്നും അവിടെ ജനാധിപത്യം 'ജനങ്ങളുടേതും' 'ജനങ്ങളാലും' മാത്രമല്ല, 'ജനങ്ങൾക്കു വേണ്ടിയും' കൂടി ആണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഒരു ഇംഗ്ലീഷ് ദിനപത്രത്തിനായി എഴുതിയ ലേഖനത്തിൽ ഒരു ജനാധിപത്യ റിപ്പബ്ലിക്കിനെ അളക്കുന്നത് രാജ്യം ജനങ്ങളെ എത്രത്തോളം വിശ്വസ്തത യോടെ സേവിക്കുന്നു എന്നതിലൂടെയാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു. ജനങ്ങളെ സേവിക്കുക എന്നത് ഒരു ശാശ്വത പ്രതിബദ്ധതയും നിരന്തര പ്രക്രിയയുമാണെന്ന് ശ്രീ സിംഗ് കൂട്ടിച്ചേർത്തു. 77-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാജ്യരക്ഷാ മന്ത്രി രാജ്യത്തെ പൗരന്മാർക്ക് ആശംസകൾ നേർന്നു.

☸☸☸☸☸☸☸☸☸☸☸☸

## SHAH - REPUBLIC DAY

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജ്യത്തെ എല്ലാ ജനങ്ങൾക്കും റിപ്പബ്ലിക് ദിനാശംസകൾ നേർന്നു. രാജ്യത്തിന്റെ ശക്തമായ ജനാധിപത്യ ത്തിന് അടിത്തറ പാകിയ എല്ലാ സ്വാതന്ത്ര്യ സമര സേനാനികൾക്കും ഭരണഘടനാ നിർമ്മാതാക്കൾക്കും ശ്രീ ഷാ സമൂഹ മാധ്യമ കുറിപ്പിൽ ആദരാഞ്ജലി അർപ്പിച്ചു. ഭരണഘടനാ മൂല്യങ്ങൾ കൂടുതൽ ശക്തിപ്പെടു ത്തുന്നതിനും ഒരു വികസിത ഭാരതം കെട്ടിപ്പടുക്കുന്നതിനുമായി ദൃഢനിശ്ചയം എടുക്കാൻ ആഭ്യന്തര മന്ത്രി പൗരന്മാരോട് അഭ്യർത്ഥിച്ചു.

☸☸☸☸☸☸☸☸☸☸☸☸

## PARADE

77-ാം റിപ്പബ്ലിക് ദിന പരേഡിൽ കർത്തവ്യപഥിൽ അണിനിരന്ന അത്യാധുനിക ആയുധ സംവിധാനങ്ങൾ രാജ്യത്തിന്റെ സൈനിക കരുത്ത് ലോകത്തിന് മുന്നിൽ വിളിച്ചോതി. പരേഡിൽ ബ്രഹ്മോസ് സൂപ്പർ സോണിക് ക്രൂയിസ് മിസൈൽ, ആകാശ് വ്യോമ പ്രതിരോധ മിസൈൽ സംവിധാനം, സൂര്യാസ്ത്ര മൾട്ടി-കാലിബർ റോക്കറ്റ് ലോഞ്ചർ, അർജുൻ മെയിൻ ബാറ്റിൽ ടാങ്ക് എന്നിവ പ്രദർശിപ്പിച്ചു. ലോകത്തിലെ ഏറ്റവും വേഗതയേറിയ ക്രൂയിസ് മിസൈലുകളിലൊന്നായ ബ്രഹ്മോസിന് മാക് 2.8 മുതൽ 3.0 വരെ വേഗതയുണ്ട്. ഇന്ത്യയുടെ സ്വന്തം ഹ്രസ്വ–മധ്യദൂര സർഫേസ്-ടു-എയർ മിസൈൽ സംവിധാനമാണ് ആകാശ്.

☸☸☸☸☸☸☸☸☸☸☸☸

## KERALA TABLEAU

77-ാമത് റിപ്പബ്ലിക് ദിന പരേഡിൽ കേരളത്തിന്റെയടക്കം 30 ടാബ്ലോ കളാണ് അണിനിരന്നത്. നൂറു ശതമാനം ഡിജിറ്റൽ സാക്ഷരതാ നേട്ടവും കൊച്ചി വാട്ടർ മെട്രോയും പ്രമേയമാക്കിയ നിശ്ചലദൃശ്യമാണ് കേരളം അവതരിപ്പിച്ചത്.

☸☸☸☸☸☸☸☸☸☸☸☸

## GOVERNOR (INTRO)

2047 ൽ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ വികസിത കേരളത്തിന് സുപ്രധാന പങ്ക് വഹിക്കാൻ സാധിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. പത്മപുരസ്കാരത്തിലൂടെ മലയാളികൾ

ദേശീയ തലത്തിൽ ആദരിക്കപ്പെട്ടതിൽ ഏറെ അഭിമാനവും സന്തോഷവു മുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയ ത്തിൽ രാവിലെ 9 ന് നടന്ന റിപ്പബ്ലിക് ദിന ചടങ്ങിൽ ഗവർണർ ദേശീയ പതാക നിവർത്തി. തുടർന്ന് വിവിധ സേനാ വിഭാഗങ്ങളുടെ അഭിവാദ്യം ഗവർണർ സ്വീകരിച്ചു. പദ്മ വിഭൂഷൺ, പദ്മശ്രീ പുരസ്കാരങ്ങൾക്ക് കേരളത്തിൽ നിന്ന് അർഹത നേടിയ ഓരോരുത്തരെയും പ്രത്യേകം പരാമർശിച്ച ശ്രീ ആർലേക്കർ പദ്മഭൂഷൺ പുരസ്ക്കാരം ലഭിച്ചതിൽ ചലച്ചിത്ര നടൻ മമ്മൂട്ടിയെയും വെള്ളാപ്പള്ളി നടേശനെയും അഭിനന്ദിച്ചു.

(ഹോൾഡ് വോയ്സ്.....)

മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ തുടങ്ങിയവരും എം എൽ എ മാരും ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

## REPUBLIC DAY- DISTRICTS

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമായി ഇന്ത്യയെ നിലനിർത്തുന്ന ഘടകങ്ങളെ മനസ്സിലാക്കുന്നതിനും അവയുടെ ചൈതന്യം ചോർന്നു പോകാതെ കാത്തുസൂക്ഷിക്കുന്നതിനുമുള്ള സവിശേഷ സന്ദർഭമാണ് റിപ്പബ്ലിക് ദിനമെന്ന് റവന്യൂ മന്ത്രി കെ രാജൻ. തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ച പരിപാടിയിൽ പറഞ്ഞു. കൊട്ടാരക്കര താലൂക്ക് ഓഫീസിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ മന്ത്രി കെ എൻ ബാലഗോപാൽ ദേശീയ പതാക നിവർത്തി സല്യൂട്ട് സ്വീകരിച്ചു.

## WPL CRICKET

വനിത പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് -റോയൽ ചലഞ്ചേഴ്സ് ബംഗുളൂരുവിനെ നേരിടും. രാത്രി 7.30 ന് വഡോദരയിലാണ് മത്സരം.

## REPUBLIC DAY - CELEBRATION AIR

തിരുവനന്തപുരം ആകാശവാണിയിൽ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി സ്റ്റേഷൻ മേധാവി ഡോ എ ജി ബൈജു ദേശീയ പതാക നിവർത്തി. വഴുതക്കാട് ആകാശവാണി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സ്ഥാപനത്തിലെ ജീവനക്കാർ പങ്കുചേർന്നു.

## PARLIAMENT - BUDGET

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.